"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - ജീവനകാര്യം - മലപ്പുറം ജില്ലയിലെ വള്ളിക്കുന്ന് ഗ്രാമപഞ്ചായത്തിലെ ക്ലാർക്ക്ശ്രീമതി ശ്രീനിധി.എസ്-ന് മെഡിക്കൽ സർട്ടിഫിക്കറ്റിന്മേൽ ശൂന്യവേതനാവധി അനുവദിച്ച് ഉത്തരവാകുന്നു.

---

തദ്ദേശസ്വയംഭരണ (ഇപിഎ) വകുപ്പ്

സ.ഉ.(സാധാ) നം.468/2024/LSGD തീയതി,തിരുവനന്തപുരം, 27-02-2024

---

പരാമർശം:-

1. വള്ളിക്കുന്ന് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 27.05.2021ലെ എ4-6597/2020 നമ്പർ നടപടിക്രമം
2. വള്ളിക്കുന്ന് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 29.11.2021 ലെ എ4-6597/2020 നമ്പർ നടപടിക്രമം
3. വള്ളിക്കുന്ന് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 06.01.2022 ലെ എ4-6597/2020 നമ്പർ നടപടിക്രമം
4. വള്ളിക്കുന്ന് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 10.06.2022 ലെ എ4-6597/2020 നമ്പർ നടപടിക്രമം
5. ശ്രീമതി.ശ്രീനിധി.എസ്-ന്റെ 27.07.2022 ലെ അവധി അപേക്ഷ
6. തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 03.10.2023ലെ LSGD/PD/19898/2023-DEC4 നമ്പർ കത്ത്

**ഉത്തരവ്**

മലപ്പുറം ജില്ലയിലെ വള്ളിക്കുന്ന് ഗ്രാമപഞ്ചായത്ത് ഓഫീസിലെ ക്ലർക്ക് ശ്രീമതി ശ്രീനിധി.എസ് - ന് പരാമർശം (1) പ്രകാരം 22.05.2021 മുതൽ 17.11.2021 വരെ മാതൃത്വ അവധിയും, മാതൃത്വ അവധിയെ തുടർന്ന് പരാമർശം (2) പ്രകാരം 18.11.2021 മുതൽ 31.12.2021 വരെയും പരാമർശം (3) പ്രകാരം 01.01.2022 മുതൽ 28.02.2022 ശൂന്യവേതനാവധിയും അനുവദിച്ചിരുന്നെങ്കിലും തുടർന്നും ടിയാൾ അവധി ദീർഘിപ്പിക്കുവാൻ അപേക്ഷിച്ചതിനെ തുടർന്ന് ശ്രീമതി.ശ്രീനിധി.എസ്-ന് പരാമർശം (2)-ഉം (3)-ഉം പ്രകാരം അനുവദിച്ച ശൂന്യ വേതനാവധി പരാമർശം (4) പ്രകാരം റദ്ദ് ചെയ്യുകയും 01.01.2022 മുതൽ 30.09.2022 വരെ മെഡിക്കൽ സർട്ടിഫിക്കറ്റിൻ മേൽ ശൂന്യവേതനാവധി അനുവദിക്കണമെന്നാവശ്യപ്പെട്ട് പരാമർശം (5) പ്രകാരം സമർപ്പിച്ച ശൂന്യവേതനാവധി അപേക്ഷ മെഡിക്കൽ ബോർഡിന്റെ സാക്ഷ്യപത്രം സഹിതം, ശിപാർശ പരാമർശം (6) പ്രകാരം തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ സർക്കാരിൽ സമർപ്പിച്ചിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു . മലപ്പുറം ജില്ലയിലെ വള്ളിക്കുന്ന് ഗ്രാമപഞ്ചായത്തിലെ ക്ലർക്ക് ശ്രീമതി ശ്രീനിധി. എസ്.ന് 22.05.2021 മുതൽ 17.11.2021 വരെയുള്ള മാതൃത്വ അവധിക്ക് തുടർച്ചയായി, 18.11.2021 മുതൽ 16.01.2022 വരെ 60 ദിവസത്തേയ്ക്ക് കെ.എസ്.ആർ., ഭാഗം ഒന്ന്, ചട്ടം 102 ന് ചുവടെയുള്ള പ്രൊവിസോയുടെ ആനുകൂല്യം നൽകി ടി കാലയളവ് ആർജ്ജിത അവധിയ്ക്ക് പരിഗണിക്കുകയില്ല എന്ന വ്യവസ്ഥയിലും, തുടർന്ന് 17.01.2022 മുതൽ 31.12.2022 വരെ ടി കാലയളവ് ഇൻക്രിമെന്റ്, ഹയർഗ്രേഡ്, പെൻഷൻ, ആർജ്ജിതാവധി എന്നീ സേവനാനുകൂല്യങ്ങൾക്ക്

പരിഗണിക്കുകയില്ലായെന്ന വ്യവസ്ഥയിൽ കെ.എസ്.ആർ., ഭാഗം I, ചട്ടം 88 പ്രകാരം മെഡിക്കൽ സർട്ടിഫിക്കറ്റിന്മേലല്ലാതെയും ശൂന്യവേതനാവധി അനുവദിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
സെമിഗോപിനാഥ്. ജി
ഡെപ്യൂട്ടി സെക്രട്ടറി

1.പ്രിൻസിപ്പൽ ഡയറക്ടർ , തദ്ദേശസ്വയംഭരണവകുപ്പ്,തിരുവനന്തപുരം
2.ജോയിന്റ് ഡയറക്ടർ,തദ്ദേശസ്വയംഭരണവകുപ്പ് , മലപ്പുറം (തദ്ദേശസ്വയംഭരണവകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
3.സെക്രട്ടറി,വള്ളിക്കുന്ന് ഗ്രാമപഞ്ചായത്ത് (തദ്ദേശസ്വയംഭരണവകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
4.ശ്രീമതി.ശ്രീനിധി എസ് , ക്ലർക്ക് , വള്ളിക്കുന്ന് ഗ്രാമപഞ്ചായത്ത് (തദ്ദേശസ്വയംഭരണവകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
5.പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(എ&ഇ/ആഡിറ്റ്) കേരള.തിരുവനന്തപുരം/തൃശ്ശൂർ
6.ഡയറക്ടർ . ഐ കെ എം
7.ഇൻഫർമേഷൻസ് & പബ്ലിക് റിലേഷൻസ് വകുപ്പ് (വെബ് & ന്യൂ മീഡിയ ഡിവിഷൻ)
8.കരുതൽ ഫയൽ (ഫയൽ നം.250/ഇപിഎ1/2022-എൽഎസ്ജിഡി

ഉത്തരവിൻ പ്രകാരം
Signed by
Danuja M S
Date: 27-02-2024 15:38:06